**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സംഭരണശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിനുശേഷം കേന്ദ്രജല കമ്മീഷൻ നടത്തിയ പഠനത്തിൽ കേരളത്തിലെ ഡാമുകളുടെ സംഭരണശേഷി വലിയ രീതിയിൽ കുറഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2018 ലെ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള കേന്ദ്ര ജലകമ്മീഷൻ (Central Water Commission) പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിൽ, പ്രധാനമായും ജലസംഭരണികളിൽ നിന്നുള്ള വെള്ളം തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന് കാരണമായോ എന്നത് സംബന്ധിച്ചായിരുന്നു. ഡാം സുരക്ഷാ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങളും (Procedure of Dam safety operations) സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനവും, ഷട്ടർ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകളും, അണക്കെട്ടുകളുടെ താഴ്ഭാഗത്തെ സംബന്ധിച്ചുള്ള വെള്ളപ്പൊക്ക ഭൂപടത്തിന്റെ ആവശ്യകതയും, ഡാം അടിയന്തിര പ്രവർത്തന പദ്ധതിയും അണക്കെട്ടുകളുടെ പ്രവർത്തനവും പരിപാലന മാനുവലും എന്നിവയെക്കുറിച്ചായിരുന്നു റിപ്പോർട്ട്. ഡാമിന്റെ സംഭരണ ശേഷി കുറഞ്ഞതുമായി ബന്ധപ്പെട്ട ഒന്നും കേന്ദ്ര ജല കമ്മീഷൻ 2018 റിപ്പോർട്ടിൽ പരാമർശമില്ല. |
| (ബി) | ഡാമുകളിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കാവുന്ന സാമ്പത്തികനേട്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഡാമുകളിൽ എക്കലും മണലും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മീങ്കര, ചുള്ളിയാർ, വാളയാർ, മംഗലം, മലമ്പുഴ, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, കാരാപ്പുഴ, പഴശ്ശി എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനായി ഡീസിൽറ്റേഷൻ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) പ്രകാരം ഓരോ ഡാമിനും പ്രീ ക്വാളിഫിക്കേഷൻ ബിഡ് തയ്യാറാക്കി ടെണ്ടർ നടപടികൾ കൈക്കൊള്ളുകയാണ് ചെയ്യുന്നത്. സാമ്പത്തിക നേട്ടം പ്രീ ക്വാളിഫിക്കേഷൻ ബിഡ് തുറക്കുമ്പോൾ മാത്രമാണ് കണക്കാക്കുവാൻ കഴിയുന്നത്. |

| | | | |
|---|---|---|---|
| (സി) | കുടിവെള്ളം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വരുംകാല ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ ചെറുകിട അണക്കെട്ടുകളുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഭാവിയിൽ സംസ്ഥാനത്തിന് കുടിവെള്ളം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായ ചെറുകിട നിർമ്മിതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം ഡിവിഷന് കീഴിൽ 38 ഓളം ചെക്ക് ഡാം / VCB നിലവിൽ ഉണ്ട്. "ഹരിത കേരളം - നീരുറവ" മാസ്റ്റർ പ്ലാനിൽ ഗ്രാമപഞ്ചായത്ത്തല സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജലസ്രോതസ്സുകളിൽ തടയണകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>കൊല്ലം ഡിവിഷന് കീഴിൽ ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട് ജലസേചനത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി തടയണകളുടേയും ചെറിയ ഷട്ടറുകളുപയോഗിച്ച് vented crossbar- കളുടേയും നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്.<br><br>പത്തനംതിട്ട ഡിവിഷന് കീഴിൽ കൊടുമൺ പഞ്ചായത്തിന്റെയും പന്തളം തെക്കേക്കര പഞ്ചായത്തിന്റെയും അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മുല്ലോട്ടു ഡാം നവീകരിക്കുന്നതുവഴി കൊടുമൺ, പന്തളം, തെക്കേക്കര, വള്ളിക്കോട് പഞ്ചായത്തുകളിലെ കൃഷിഭൂമിയിലേക്ക് ജലസേചനം, കുടിവെള്ള ലഭ്യത എന്നിവ ഉറപ്പുവരുത്താവുന്നതാണ്.<br><br>കോട്ടയം ഡിവിഷന് കീഴിൽ ചെറുകിട അണക്കെട്ടുകൾ ഇല്ല. എന്നാൽ കുടിവെള്ള, ജലസേചന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ ചെറുകിട ജലസേചന തടയണകളുടെ സാധ്യത പരിശോധിച്ചിട്ടുണ്ട്.<br><br>മലപ്പുറം ഇറിഗേഷൻ ഡിവിഷനു കീഴിൽ നിരന്തരം പ്രളയഭീഷണി നേരിടുന്ന ചാലിയാർ തടത്തിൽ ആയത് തടയുന്നതിനായി ചാലിയാർ പുഴയിൽ ഒരു പ്രളയ നിയന്ത്രണ അണക്കെട്ടിന്റെ സാധ്യതാ പ്രൊപ്പോസൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വഴി സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അണക്കെട്ട് യാഥാർത്ഥ്യമാകുന്നതോടെ മേഖലയിലെ ജലസേചനം/കുടിവെള്ളം ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉപകരിക്കപ്പെടുന്നതാണ്. കടലുണ്ടിപുഴയുടെ കൈവഴികളായ നൂകട്ട് കനാലിൽ |

| | | | |
|---|---|---|---|
| | | | ഒരു റെഗുലേറ്ററും ഓൾഡ് കട്ട് കനാലിൽ ഒരു റെഗുലേറ്ററും നിലനിൽക്കുന്നുണ്ട്.<br><br>കോഴിക്കോട് ഇറിഗേഷൻ ഡിവിഷനിൽ കുടിവെള്ളം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വരുംകാല ആവശ്യങ്ങൾ നിറവേറ്റുന്നതിന് ചാത്തമംഗലം പഞ്ചായത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള മണ്ണിലിടംകടവ്, മുക്കം മുനിസിപ്പാലിറ്റിയിലെ ഇരുവഞ്ഞിപ്പുഴയ്ക്ക് കുറുകെയുള്ള തൊണ്ടിമ്മൽകടവ്, തിരുവമ്പാടി കോടഞ്ചേരി പഞ്ചായത്തുകളിലായി ഇരുവഞ്ഞിപ്പുഴയ്ക്ക് കുറുകെയുള്ള ചുള്ളിക്കാട്ടു കടവ്, തൂണേരി ചെക്യാട് പഞ്ചായത്തുകളിലായി മാഹിപ്പുഴയ്ക്ക് കുറുകെയുള്ള കൊയമ്പ്രംകടവ്, നാദാപുരം ചെക്യാട് പഞ്ചായത്തുകളിലായി മാഹിപ്പുഴയ്ക്ക് കുറുകെയുള്ള ഇയ്യങ്കോട് എന്നിവിടങ്ങളിലെ ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് അന്തിമഘട്ട ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>തലശ്ശേരി ഇറിഗേഷൻ ഡിവിഷനു കീഴിൽ കണ്ണൂർ ജില്ലയിലെ ചെറുതാഴം പഞ്ചായത്തും പയ്യന്നൂർ മുനിസിപ്പാലിറ്റിയേയും തമ്മിൽ ബന്ധിപ്പിച്ച് പെരുമ്പ പുഴയ്ക്ക് കുറുകെ നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ച് രൂപകൽപ്പന പ്രവർത്തനങ്ങൾ IDRB യിൽ നിന്നും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ